## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. *111 | 28.04.2017 ൽ മറുപടിയ്ക്ക്

### വില്ലേജ് ഓഫീസുകളിലെ ഇ-ഗവേണൻസ് സേവന സൗകര്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ദാസൻ<br>ശ്രീ.കെ. ആൻസലൻ<br>ശ്രീ.ഒ. ആർ. കേളു<br>ശ്രീമതി.വീണാ ജോർജ്ജ് | ശ്രീ.ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ്<br>മന്ത്രി |

| | |
|---|---|
| (എ) സാധാരണക്കാർ വിവിധ സർട്ടിഫിക്കറ്റുകൾ, മറ്റു സേവനങ്ങൾ എന്നിവയ്ക്കായി ഏറ്റവും അധികം ബന്ധപ്പെടേണ്ടി വരുന്ന വില്ലേജ് ഓഫീസുകളിൽ നിന്നു ലഭിക്കുന്ന സേവനം തൃപ്തികരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) പരിശോധിച്ചിട്ടുണ്ട്. |
| (ബി) വില്ലേജ് ഓഫീസുകളെ ഇ-ഗവേണൻസ് സേവന സൗകര്യമുള്ള ഓഫീസുകളായി പരിണമിപ്പിച്ചിട്ടുണ്ടോ; ഇത് എത്ര മാത്രം ഫലപ്രദമായിട്ടുണ്ട്; | (ബി) വില്ലേജ് ഓഫീസ് ഉൾപ്പെടെയുള്ള റവന്യൂ ഓഫീസുകളിൽ നിന്നുമുള്ള സേവനം കൂടുതൽ മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ താഴെപ്പറയുന്ന ഇ ഗവേണൺസ് പദ്ധതികൾ ആവിഷ്കരിച്ച് ഘട്ടം ഘട്ടമായി നടപ്പിലാക്കിവരുന്നു.<br>ഇ — ഡിസ്ട്രിക്റ്റ്, സംയോജിത ഓൺലൈൻ പോക്കുവരവ് (റെലിസ്), ഇ-പെയ്മെന്റ് സിസ്റ്റം, ആർ.ആർ. ഓൺലൈൻ, ഇവ പൂർത്തീകരിക്കുന്നതോടുകൂടി എല്ലാ വില്ലേജ് ഓഫീസുകളും ഇ-ഗവേണൺസ് സേവനസൗകര്യമുള്ള ഓഫീസുകളായി പരിണമിക്കപ്പെടുന്നതാണ്. നടപ്പിലാക്കി വരുന്ന ഈ പദ്ധതികളിലൂടെ വളരെ വേഗത്തിലും കാര്യക്ഷമമായും ഫലപ്രദമായും സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകുവാൻ സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയുടെ വിശദാംശവും അതിന്റെ ഫലപ്രാപ്തിയും അറിയിക്കാമോ? | (സി) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനികരീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്ത്, എവിടെവച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്.<br>ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിൽ ഇ-ഗവേണൺസിന്റെ സഹായത്തോടു കൂടി ജനങ്ങൾക്ക് വേഗത്തിൽ സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് സ്മാർട്ട് (SMART) റവന്യൂ ആഫീസ് കൊണ്ടുള്ള നേട്ടം. 2013-14 സാമ്പത്തിക വർഷം മുതൽ 2016-17 വരെ ആകെ സംസ്ഥാനത്ത് 41 വില്ലേജുകളിൽ സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ